Draft #4 of File 48376/CBCSS 22-3/2025/CBCSS 22 Approved by CONTROLLER OF EXAMINATIONS on 01-Sep-2025 01:28 PM - Page 1

Graded as Category 1 Autonomous University By UGC

Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.48376/CBCSS 22-3/2025/CBCSS 22 തീയതി: 01.09.2025

**<u>വിജ്ഞാപനം</u>**

പരാമർശം : 48376/CBCSS 22-3/2025/CBCSS 22, തീയതി 23.05.2025.

രണ്ടാം സെമസ്റ്റർ MGU-UGP(Hons.)/BBA(Hons.)/BCA(Hons.) ഏപ്രിൽ 2025 പരീക്ഷയുടെ ഫലം പരാമർശിത വിജ്ഞാപനപ്രകാരം 23/05/2025 തീയതിയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പ് (E-Copy) ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് തങ്ങളുടെ സ്റ്റുഡൻറ് പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങളും പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ സ്ക്രൂട്ടിനി, പുനർമൂല്യനിർണ്ണയം എന്നിവയ്ക്ക് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ എന്നും പരാമർശിത വിജ്ഞാപനപ്രകാരം അറിയിച്ചിരുന്നു. **ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി (E-Copy) അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ആയത് തങ്ങളുടെ സ്റ്റുഡൻറ് പ്രൊഫൈലിൽ (edp.mgu.ac.in) ലഭ്യമാക്കിയിട്ടുണ്ട്.**

പ്രസ്തുത പരീക്ഷയുടെ ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം (Revaluation) നടത്തുവാൻ താല്പര്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒരു പേപ്പറിന് Revaluation fee Rs.460/-(രൂപ നാനൂറ്റി അറുപത് മാത്രം) നിരക്കിൽ ഫീസൊടുക്കി 18.09.2025 തീയതിയിലോ അതിന് മുൻപായോ ഹോണേഴ്സ് ബിരുദ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള സ്റ്റുഡൻറ് പ്രൊഫൈൽ (edp.mgu.ac.in) മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പ്രസ്തുത പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പ് (E-Copy) പരിശോധിച്ച വിദ്യാർത്ഥികൾക്ക് എന്തെങ്കിലും പരാതികൾ ഉള്ളപക്ഷം സൂക്ഷ്മ പരിശോധന (Scrutiny) നടത്തുന്നതിന് ഒരു പേപ്പറിന് Scrutiny fee Rs.200/-(രൂപ ഇരുന്നൂറ് മാത്രം) നിരക്കിൽ ഫീസൊടുക്കി 18.09.2025 തീയതിയിലോ അതിന് മുൻപായോ ഹോണേഴ്സ് ബിരുദ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള സ്റ്റുഡൻറ് പ്രൊഫൈൽ (edp.mgu.ac.in) മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരാതി സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

**വിവിധ വിഷയങ്ങളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മ പരിശോധന എന്നിവ ആവശ്യമുള്ള വിദ്യാർത്ഥികൾ എല്ലാ സേവനങ്ങളും ഒരുമിച്ച് സെലക്ട് ചെയ്ത് അപേക്ഷിക്കേണ്ടതാണ്. ഒരിക്കൽ പുനർമൂല്യനിർണ്ണയം/സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ ഓൺലൈനായി സമർപ്പിച്ച് കഴിഞ്ഞാൽ പിന്നീട് പ്രസ്തുത വിഷയത്തിന്റെയോ മറ്റ് വിഷയങ്ങളുടെയോ പുനർമൂല്യനിർണ്ണയം/സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയില്ല.** ഒരിക്കൽ സമർപ്പിച്ച അപേക്ഷ എഡിറ്റ് ചെയ്യാനോ വീണ്ടും സമർപ്പിക്കാനോ സാധിക്കില്ല.

**ഡോ. ശ്രീജിത്ത് സി എം**
പരീക്ഷാ കൺട്രോളർ

പകർപ്പ്:

1. വൈസ് ചാൻസലറുടെ പി.എസ്.
2. പരീക്ഷ കൺട്രോളറുടെ/രജിസ്ട്രാറുടെ പി എ മാർ
3. ജോയിന്റ് രജിസ്ട്രാർ I/IV (പരീക്ഷ)
4. ഡെപ്യൂട്ടി രജിസ്ട്രാർ IV/VII/VIII/IX (പരീക്ഷ)
5. അസിസ്റ്റന്റ് രജിസ്ട്രാർ I/ II/ XVIII/ XIX/ XX/ XXI/ XXIII (പരീക്ഷ)/ AR VII (ഭരണം)
6. ഇ.ജെ 2
7. പി.ആർ.ഒ / സി ഇ സെക്ഷൻ 2 എക്സാം മോണിറ്ററിംഗ്
8. UNIVERSITY WEBSITE /Web Upload/IT Cell 2
9. SSD/ Call Centre 1/2.
10. ഇ.എ 1/ ഇ.എ 2/ പി ഡി 6
11. ഫയൽ കോപ്പി
12. അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ.

Draft #4 of File 48376/CBCSS 22-3/2025/CBCSS 22 Approved by CONTROLLER OF EXAMINATIONS on 01-Sep-2025 01:28 PM - Page 2